**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **14-10-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവെ നമ്പർ, നിശ്ചയിച്ചിട്ടുള്ള വിസ്തീർണ്ണം എന്നിവ സ്പെഷ്യൽ തഹസീൽദാരുടെ നിർദേശപ്രകാരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി സ്പെഷ്യൽ തഹസീൽദാർക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുവാനായി **349.24** ആർസ് ഭൂമിക്ക് ഏകദേശം **₹134,54,46,864/-** രൂപ എൽ.എ കോസ്റ്റ് ഇനത്തിൽ ചിലവ് വരുന്നതിനാൽ, സ്പെഷ്യൽ തഹസീൽദാർ ആവശ്യപ്പെട്ട പ്രകാരം **RFCTLARR Rules 2015 section 4 (3)** പ്രകാരം എൽ.എ കോസ്റ്റിന്റെ **5** ശതമാനം കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ **50** ലക്ഷം രൂപ **8443-00-117-99-00 (work deposit)** എന്ന ശീർഷകത്തിൽ നിക്ഷേപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ